"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി ടൗൺ പ്ലാനർ ശ്രീ എസ്. ദിനേശ് തിരുവനന്തപുരം നഗരസഭയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന കാലയളവിലെ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2312/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/10/2019

പരാമർശം:- 1 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19/07/2012 ലെ ഇ1/എസ്.സി30/11/റ്റിവിഎം) 18234/12 നമ്പർ കത്ത്.

2 വിജിലൻസ് (ഡി) വകുപ്പിന്റെ 09/10/2012 ലെ 10300/ഡി1/12/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 01/04/2019 ലെ ഐ.എ.4/183/2018/തസ്വഭവ നമ്പർ ചാർജ് മെമ്മോ.

4 ശ്രീ. എസ്.ദിനേശ് സമർപ്പിച്ച 09/04/2019 ലെ പ്രതിവാദ പത്രിക

5 തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 29/05/2019 ലെ ജി.ഇ.5/35690/19 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റിയിലെ ടൗൺപ്ലാനറായ ശ്രീ. എസ്. ദിനേശ് 2010 ഫെബ്രുവരി മുതൽ 2011 ജൂലൈ വരെ 10/02/2010-ലെ സ.ഉ.(സാധാ)നം.473/2010/തസ്വഭവ പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 2011-ൽ സംസ്ഥാന വ്യാപകമായി നടത്തിയ 'Operation Snake Eye' എന്ന സർപ്രൈസ് ചെക്കിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിൽ 10/06/2011-ൽ പരിശോധന നടത്തിയിരുന്നു. ശ്രീ എസ്.ദിനേശ് വിജിലൻസിന്റെ പരിശോധനാ സമയത്ത് ഓഫീസിൽ ഹാജരുണ്ടായിരുന്നു. ടി ഓഫീസിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ സ്റ്റാഫും കൈയ്യിൽ സൂക്ഷിച്ചിരുന്ന പണത്തിന്റെ സുതാര്യത സർപ്രൈസ് ചെക്ക് നടത്തിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചില്ലായെന്നും ആയത് കുറ്റകരമായ അനാസ്ഥയാണെന്നും പരാമർശം (1) പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

(2) ശ്രീ. എസ്. ദിനേശ് തിരുവനന്തപുരം നഗരസഭയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി ജോലി ചെയ്തിരുന്ന ടി കാലയളവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററുകൾ കൃത്യമായി കൈകാര്യം ചെയ്യാതെ ഓഫീസ് മേൽനോട്ടത്തിൽ വീഴ്ചവരുത്തിയത് ചൂണ്ടികാണിച്ച് ശ്രീ. എസ്. ദിനേശിന് പരാമർശം (3) പ്രകാരം സർക്കാർ ചാർജ് മെമ്മോ നൽകി.

## File No.LSGD-IA4/183/2018-LSGD

(3). പരാമർശം (4) പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചു. തിരുവനന്തപുരം നഗരസഭയിലെ എഞ്ചിനീയറിംഗ് സെക്ഷനിൽ Personal Cash Declaration Register, Personal Registers എന്നിവ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഓഫീസ് തലവനോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ ആണെന്നും ഇക്കാലയളവിൽ ടി രജിസ്റ്ററുകൾ കൈകാര്യം ചെയ്യാനുള്ള ഉത്തരവാദിത്വം എക്സിക്യൂട്ടീവ് . എഞ്ചിനീയറായിരുന്ന ടിയാനിൽ നിക്ഷിപ്തമായിരുന്നില്ലെന്നും Personal Cash Disclose Register-നെ പറ്റി ഓഫീസിലെ ആരും ടിയാനെ അറിയിച്ചിട്ടില്ലെന്നും 2010 ഫെബ്രുവരി മുതൽ 2011 ജൂലൈ വരെ നഗരസഭയിൽ ജോലി ചെയ്തിരുന്ന കാലഘട്ടത്തിൽ തികച്ചും സത്യസന്ധമായിട്ടാണ് ജോലി ചെയ്തിട്ടുള്ളതെന്നും പ്രതിവാദ പത്രികയിൽ ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

(3)പരാമർശം 5 പ്രകാരം തിരുവനന്തപുരം നഗരസഭ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. ദിനേശ് സമർപ്പിച്ച മറുപടികളെല്ലാം തൃപ്തികരമാണെന്ന് കാണുന്നതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ദിനേശ് പരാമർശം 3 പ്രകാരമുള്ള അരാപണങ്ങൾ നിഷേധിച്ചിട്ടുണ്ടെങ്കിലും Personal Cash Declaration Register നെക്കുറിച്ച് അറിയില്ലെന്നും ടി രജിസ്റ്റർ സൂക്ഷിക്കേണ്ടത് അതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനാണെന്നും അവരാരും ടി രജിസ്റ്ററിനെക്കുറിച്ച് പറഞ്ഞിട്ടില്ലെന്നുമുള്ള ശ്രീ. ദിനേശിന്റെ വാദം അംഗീകരിക്കാനാവില്ല. Personal Cash Declaration Register കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടിന്റെ ചുമതലയാണ് എന്ന ടിയാന്റെ വാദവും അംഗീകരിക്കാനാവില്ല. തന്റെ കീഴിലുള്ള ഉദ്യോഗസ്ഥർ ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് മേലുദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ടിയാൻ അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ശ്രീ. ദിനേശിനെതിരെ പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി 'ശാസന' നല്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി ഇതുസംബന്ധിച്ച വിവരങ്ങൾ ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നത് ഉൾപ്പെടെ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ശ്രീ.എസ്. ദിനേശ്, ടൗൺ പ്ലാനർ, തിരുവനന്തപുരം വികസന അതോറിറ്റി

ഡയറക്ടർ,. വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ.), കേരളം, തിരുവനന്തപുരം

വിജിലൻസ്(ഡി) വകുപ്പ് ( 09/10/12 ലെ 10300/ഡി.1/12/വിജി നമ്പർ കത്ത്)

വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ